## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4505 — 13.11.2019-ൽ മറുപടിയ്ക്ക്.

# കൊട്ടാരക്കര മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ.കെ രാജു (വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെട്ട ഏതെല്ലാം പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെട്ട കുളക്കട ഗ്രാമപഞ്ചായത്തിനെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയിൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) ക്ഷീരോല്പാദനത്തിന് അനുയോജ്യമായതും കൂടുതൽ സാധ്യതയുള്ളതുമായ പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) ക്ഷീരഗ്രാമം പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയിലെത്തിക്കുന്നതിനും കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിനും, ക്ഷീരമേഖലയുടെ പൊതുവായ ഉന്നമനത്തിനുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**